# Desabhimani

## 22 August 2018

## Kochi, After Flood, Irregularities in Shops



# 20 കടകളിൽക്കൂടി ക്രമക്കേട് കണ്ടെത്തി

**കൊച്ചി**

ജില്ലയിലെ പച്ചക്കറി, പലചരക്ക് കടകളിൽ ചൊവ്വാഴ്ചയും പരിശോധന നടന്നു. 86 കടകളിൽ നടന്ന പരിശോധനയിൽ 20 കടകളിൽ ക്രമക്കേട് കണ്ടെത്തി. 34 പലചരക്ക് കടകളിലും 52 പച്ചക്കറി കടകളിലുമാണ് പരിശോധന നടന്നത്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ അവശ്യവസ്തുക്കൾക്ക് അമിത വില ഈടാക്കുന്ന വ്യാപാരസ്ഥാപനങ്ങൾ കണ്ടു പിടിക്കുന്നതിനും പൂഴ്ത്തിവെയ്പ്പ് തടയുന്നതിനുമായിരുന്നു റെയ്ഡ്. ക്രമക്കേട് കണ്ടെത്തിയ 22 കടകളുടെ ഉടമസ്ഥർക്ക് തിങ്കളാഴ്ച നോട്ടീസ് നൽകിയിരുന്നു.

വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 13 പച്ചക്കറി കടകളിൽ ഉദ്യോഗസ്ഥർ ഇടപെട്ട് പട്ടിക പ്രദർശിപ്പിച്ചു. അമിത വില ഈടാക്കി എന്ന പരാതി ഉയർന്ന ഇനങ്ങൾക്ക് വില താഴ്ത്തി നൽകാൻ നിർദേശം നൽകി. ഏഴ് പലവ്യഞ്ജന കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിച്ചിരുന്നില്ല. ഇവരോടും പട്ടിക പ്രദർശിക്കണമെന്ന് നിർദേശം നൽകി. ജില്ലാ സപ്ലൈ ഓഫീസർ ബെന്നി ജോസഫിന്റെ നേതൃത്വത്തിൽ ഏഴ് താലൂക്ക് സപ്ലൈ പരിധി കേന്ദ്രങ്ങളിലും രണ്ട് സിറ്റി റേഷനിങ് കേന്ദ്രങ്ങളുടെ പരിധിയിലുമാണ് പരിശോധന നടന്നത്.